ലേബർ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തയ്യൽത്തൊഴിലാളി സംഘടനകൾ

130 (2042) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലേബർ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര തയ്യൽ തൊഴിലാളി സംഘടനകളുണ്ട് ;

(ബി) അവ ഏതൊക്കെയാണെന്ന് രജിസ്റ്റർ നമ്പർ സഹിതം വെളിപ്പെടുത്താമോ ;

(സി) ഇത്തരം സംഘടനകളിൽ കൃത്യമായി റിട്ടേൺസ് സമർപ്പിച്ചിട്ടുള്ളവ ഏതെല്ലാം ;

(ഡി) റിട്ടേൺസ് സമർപ്പിച്ച ഓരോ സംഘടനയുടേയും 1998 ഡിസംബർ 31 വരെയുള്ള കാലയളവിലെ മെമ്പർഷിപ്പിന്റെ എണ്ണം വെളിപ്പെടുത്താമോ ;

(ഇ) റിട്ടേൺസ് സമർപ്പിക്കാത്ത സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ട്രേഡ് യൂണിയൻ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള 34 തയ്യൽ തൊഴിലാളി സംഘടനകൾ ഉണ്ട്.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി & ഡി) ഒരു സംഘടനയും കൃത്യമായി 1998 ഡിസംബർ 31 വരെയുള്ള റിട്ടേൺസ് സമർപ്പിച്ചിട്ടില്ല.

(ഇ) റിട്ടേൺസ് യഥാസമയം സമർപ്പിക്കാത്ത സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരികയാണ്.

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ

131 (2043) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്ന തൊഴിലാളികളുടെ മരണ ദിവസം വരെയുള്ള പെൻഷൻ തുക അവരുടെ ആശ്രിതർക്ക് നൽകുന്നത് സംബന്ധിച്ച് ബോർഡ് തീരുമാനം അനുസരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly